<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793</u> <u>30-06-2022 - ൽ മറുപടിയ്ക്ക്</u>

<u>ട്രൈബൽ കോളനികളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ കോളനികളിലെ കുട്ടികളിൽ കാണപ്പെടുന്ന പഠനപിന്നോക്കാവസ്ഥയുടെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ വിശദമാക്കുമോ; | (എ) | ഇല്ല |
| (ബി) | പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (ബി) | പട്ടികവർഗ വിദ്യാർത്ഥികളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ നിന്നും തിരികെ ഊരിലെത്തുന്ന കുട്ടികൾക്ക് ഊരുകൾ കേന്ദ്രീകരിച്ച് 500 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒരു പഠനമുറിയിൽ 30 വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട്, അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠനസാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഇവിടെ ലഭ്യമാക്കുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിലായി 264 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ 29 പേരെ കൂടി നിയമിക്കുന്നതിന് നടപടിയായിട്ടുണ്ട്.<br><br>പട്ടികവർഗ ഊരുകൾ, ദുർഘട വനപ്രദേശം, മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലെ പട്ടികവർഗ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോയി തിരികെ വീട്ടിലെത്തിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ വീതം ഒരു കുട്ടിക്ക് എന്ന നിലയിൽ നൽകിവരുന്നു. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു. പ്രീമെട്രിക് തലത്തിൽ സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും നല്കുന്നു. കൂടാതെ 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായ സ്കോളർഷിപ്പും നൽകിവരുന്നു. |
| (സി) | ട്രൈബൽ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വകുപ്പ് സമീകൃത പോഷകാഹാരം നൽകി വരുന്നുണ്ട്.<br><br>ഗർഭിണികളായ അമ്മമാർക്ക് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ജനനി ജന്മരക്ഷ എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. അനുപൂരക പോഷകാഹാര പദ്ധതിക്ക് പുറമേ, സംയോജിത ശിശു വികസന പദ്ധതി മുഖേന 50 % സംസ്ഥാന വിഹിതവും 50% കേന്ദ്ര വിഹിതവും ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ട്രൈബൽ കോളനിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ട്രൈബൽ മേഖലകളിൽ ഉൾപ്പെടെയുള്ള 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കും ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്കും ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ